


KERALA NEWS

# വിനോദ് കെ. ജോസ് ഡയറക്ടറായി വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് വരുന്നു

Tuesday, 8th November 2022, 6:54 pm

കൽപ്പറ്റ: കേരളത്തിലെ സാഹിത്യോത്സവങ്ങളുടെ പട്ടികയിലേക്ക് വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് കൂടി വരുന്നു. പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് (ഡബ്ല്യു.എൽ.എഫ്) ഡിസംബർ 29, 30 തീയതികളിൽ മാനന്തവാടിക്കടുത്തുള്ള ദ്വാരകയിൽ വെച്ച് നടക്കും. കാരവൻ മാഗസിൻ എക്സിക്യൂട്ടിവ് എഡിറ്റർ വിനോദ് കെ. ജോസാണ് ഫെസ്റ്റിവൽ ഡയറക്ടർ.

ലോക സാഹിത്യം, ഇന്ത്യൻ സാഹിത്യം, മലയാള സാഹിത്യം എന്നിവ മുൻനിർത്തിയുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും രണ്ട് ദിവസങ്ങളിലായി നടക്കുന്ന വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് സാക്ഷ്യം വഹിക്കും.

സംവാദങ്ങൾ, കഥയരങ്ങ്, പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, കവിയരങ്ങ്, ഗ്രാമീണ കലാരൂപങ്ങൾ, സാഹിത്യ കഥാപാത്രങ്ങളുടെ വിസ്മയത്തെരുവ്, ശിൽപശാലകൾ, ചിത്രവേദികൾ, സ്റ്റുഡന്റ് ബിനാലെ, പുസ്തകത്തെരുവ്, സംഗീതം, മാജിക്, ഹെറിറ്റേജ് വാക്ക് എന്നിവ ഫെസ്റ്റിവലിന്റെ മുഖ്യ ആകർഷകണങ്ങളായിരിക്കും.

കലാ-സാംസ്കാരിക-സാഹിത്യരംഗത്തെ പ്രമുഖരായ അരുന്ധതി റോയ്, സഞ്ജയ് കാക്, സച്ചിദാനന്ദൻ, സക്കറിയ, ഒ.കെ. ജോണി, സുനിൽ പി. ഇളയിടം, സണ്ണി കപിക്കാട്, പി.കെ. പാറക്കടവ്, കെ.ജെ. ബേബി, കൽപ്പറ്റ നാരായണൻ, റഫീക്ക് അഹമ്മദ്, മധുപാൽ, അബു സലിം, ജോസി ജോസഫ്, ദേവ പ്രകാശ്, ഷീലാ ടോമി, ജോയ് വാഴയിൽ, സുകുമാരൻ ചാലിഗദ്ദ, ലീന ഒളപ്പമണ്ണ, നവാസ് മന്നൻ, എസ്. സിത്താര, അബിൻ ജോസഫ് തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

ഡബ്ല്യു.എൽ.എഫ് ക്യുറേറ്റർമാരായ ഡോ. ജോസഫ് കെ. ജോബ്, വി.എച്ച്. നിഷാദ്, ബാബു ഫിലിപ്പ് കുടക്കച്ചിറ എന്നിവർ പത്രസമ്മേളനത്തിലൂടെ അറിയിച്ചു.